Draft #74 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 24-Jan-2022 01:47 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1

തീയതി: 24.01.2022

## <u>സർക്കുലർ</u>

വിഷയം:- ഭരണകാര്യം: കോവിഡ് 19 നിർവ്യാപനം - സർവ്വകലാശാലയിലെ ജീവനക്കാരുടെ ക്വാറന്റൈൻ കാലത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന :- 1. കേരള സംസ്ഥാന ദുരന്ത നിവാരണ (എ) വകുപ്പിന്റെ 15.09.2021 തീയതിയിലെ സ.ഉ.(സാധാ) നം. 634/2021/DMD നമ്പർ ഉത്തരവ്.
2. കേരള സംസ്ഥാന ദുരന്ത നിവാരണ (എ) വകുപ്പിന്റെ 28.09.2021തീയതിയിലെ സ.ഉ.(സാധാ) നം. 662/2021/DMD നമ്പർ ഉത്തരവ്.
3. 25.09.2021 തീയതിയിലെ 17152/ADA1 SO/2020/എഡി എ 1 നമ്പർ സർവ്വകലാശാല പരിപത്രം.
4. 22.12.2021 തീയതിയിലെ 17152/ADA1 SO/2020/എഡി എ 1 നമ്പർ സർവ്വകലാശാല പരിപത്രം.
5. കേരള സംസ്ഥാന ദുരന്ത നിവാരണ (എ) വകുപ്പിന്റെ 22.01.2022 തീയതിയിലെ സ.ഉ.(സാധാ) നം. 70/2022/DMD നമ്പർ ഉത്തരവ്.

കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി, സംസ്ഥാനത്തെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്വാറന്റൈൻ കാലയളവിലെ പ്രത്യേക ആകസ്മിക അവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സൂചന (1), (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സൂചന (3), (4) പ്രകാരം സർവ്വകലാശാലാ പരിപത്രങ്ങൾ പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, സൂചന (1), (2) സർക്കാർ ഉത്തരവുകളിൽ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് സൂചന (5) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സൂചന (3), (4) പരിപത്രങ്ങളിൽ താഴെ പറയും വിധം വൈസ് ചാൻസലറുടെ അംഗീകാരത്തോടുകൂടി ഭേദഗതി വരുത്തിക്കൊള്ളുന്നു.

- കോവിഡ് രോഗികളുമായുള്ള പ്രാഥമിക സമ്പർക്കപ്പട്ടികയിൽ വരുന്ന സർവ്വകലാശാലാ ജീവനക്കാർക്ക് സൂചന (3), (4) പ്രകാരം അനുവദിച്ചിരുന്ന സ്പെഷ്യൽ കാഷ്വൽ ലീവ് ആനുകൂല്യം ഈ സർക്കുലർ തീയതി മുതൽ റദ്ദ് ചെയ്യുന്നു.
- കോവിഡ് രോഗികളുമായി പ്രാഥമിക സമ്പർക്കത്തിൽ വരുന്ന ജീവനക്കാർ അക്കാര്യം ഓഫീസിൽ വെളിപ്പെടുത്തുകയും, സ്വയം നിരീക്ഷണം നടത്തുകയും, സാമൂഹിക അകലം അടക്കമുള്ള എല്ലാ കോവിഡ് മാനദണ്ഡങ്ങളും കൃത്യമായി ഓഫീസിൽ പാലിക്കുകയും ഏതെങ്കിലും തരത്തിലുള്ള രോഗ ലക്ഷണം ഉണ്ടായാൽ ആരോഗ്യ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സൂചന (3), (4) പരിപത്രങ്ങൾ മേൽ പ്രതിപാദിച്ച ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഒപ്പ്

**രമേഷ് ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

Draft #74 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 24-Jan-2022 01:47 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം